# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ -328

08.02..2016-ലെ മറുപടിക്ക്

## ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ അഴിമതി സംബന്ധിച്ച വിജിലൻസ് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ഇ.പി.ജയരാജൻ<br>,, വി.ശിവൻകുട്ടി<br>,, ബി.സത്യൻ<br>,, പി.കെ.ഗുരുദാസൻ : | | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കാൻ 258 കോടി രൂപയുടെ കരാർ നൽകിയതിലെ അഴിമതി ആരോപണത്തെ കുറിച്ച് വിജിലൻസ് അന്വേഷണം നടത്താനുള്ള വിജിലൻസ് കോടതിയുടെ ഉത്തരവ് താൽക്കാലികമായി തടഞ്ഞുകൊണ്ടുള്ള ബഹു.ഹൈക്കോടതി ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ; ഇതേ തുടർന്ന് വിജിലൻസ് സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ; ഹൈക്കോടതിയുടെ വിധി പ്രസ്താവം എന്തായിരുന്നു; | (എ) | പ്രസ്തുത കേസിലെ ആറ് കുറ്റാരോപിതരിൽ മൂന്നാം പ്രതി ഒഴികെയുള്ളവരുടെ സ്റ്റേ ഉത്തരവാണ് 19.01.2016-ൽ ബഹു. കോടതി പിൻവലിച്ചിട്ടുള്ളത്. കേസന്വേഷണം പുരോഗമിച്ചുവരുന്നു. |
| (ബി) | ഈ വിഷയത്തിൽ തിരുവനന്തപുരത്തെ വിജിലൻസ് പ്രത്യേക കോടതി ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച വിധി പ്രസ്താവം എന്തായിരുന്നു? വിശദമാക്കാമോ; വിജിലൻസ് സമർപ്പിച്ചിരുന്ന പ്രാഥമിക അന്വേഷണ റിപ്പോർട്ട് വിജിലൻസ് കോടതി തള്ളിയതിന്റെ കാരണം വിശദമാക്കുമോ ; | (ബി) | ശ്രീ.സെബാസ്റ്റ്യൻ ജോർജ്, ശ്രീ.സുനിൽ, ശ്രീ.ജയൻ എന്നിവർ നൽകിയ പരാതിയിന്മേൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുവാനാണ് വിജിലൻസ് കോടതി ഉത്തരവായിട്ടുള്ളത്. വിജിലൻസ് സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ട് കോടതിയ്ക്ക് സ്വീകാര്യമാകാത്തതിനാലാണ് തള്ളിയത്. |

| | | | |
|---|---|---|---|
| (സി) | വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ കേസ് രജിസ്റ്റർ ചെയ്തു തുടർ അന്വേഷണം നടത്താനുള്ള 28/8/2014-ലെ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ (തിരുവനന്തപുരം) ഉത്തരവ് നടപ്പാക്കുന്നത് തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ ഹർജി നൽകിയ ആളിന് അനുകൂലമായി അഡ്വക്കേറ്റ് ജനറൽ നിലപാട് സ്വീകരിച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ഡി) | ഹൈക്കോടതി വിധിയിൽ സ്റ്റേ നീക്കിയ സാഹചര്യത്തിൽ തുടർ അന്വേഷണത്തിന് ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ സംഘത്തെയാണ് വിജിലൻസ് നിയോഗിച്ചിട്ടുള്ളത്? എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു അന്വേഷണം ആരംഭിച്ചിട്ടുണ്ടോ? | (ഡി) | പ്രസ്തുത തുടരന്വേഷണം ശ്രീ.ടി.അജിത് കുമാറിന്റെ (ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1) നേതൃത്വത്തിലാണ് നടത്തുന്നത്. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്താണ് അന്വേഷണം ആരംഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ